(ഡി) കഴിഞ്ഞ കാലങ്ങളിൽ യൂണിവേഴ്സിറ്റി കരുവാച്ചേരി ഫാമിനെ പടന്നക്കാട് കോളേജിൽ കൂട്ടിച്ചേർത്ത് ഇൻസ്ട്രക്ഷൻ ഫാം ആക്കുവാൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ അതിന്റെ പ്രദേശികമായ ആവശ്യങ്ങൾ ഉയരുകയും തൊഴിലാളി സംഘടനകൾ പല ആവശ്യങ്ങൾ തീർക്കുകയും ചെയ്ത സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ഈ തീരുമാനം പുനഃപരിശോധിക്കുകയും തീരുമാനം റദ്ദു ചെയ്യുകയും ചെയ്തു.

(ഇ) കേരള നിയമസഭ പാസ്സാക്കിയ കേരള കാർഷിക സർവ്വകലാശാല ഭേദഗതി നിയമപ്രകാരം വിവിധ മണ്ഡലങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നത്. ഇതിൽ പ്രാദേശിക അടിസ്ഥാനത്തിൽ അംഗങ്ങളെ ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല.

അത്യുല്പാദന ശേഷിയുള്ള മൃഗജനുസ്സുകൾ

99 (2548) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കെ. ബാ[illegible] : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കന്നുകാലി ഗവേഷണ കേന്ദ്രങ്ങൾ അത്യുല്പാദനശേഷിയുള്ള എന്തെങ്കിലും പുതിയ ജനുസ്സുകൾ ഉല്പാദിപ്പിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഗവേഷണ സ്ഥാപന പ്രവർത്തനങ്ങൾ പരാജയപ്പെടാൻ ഉണ്ടായ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളിൽ കന്നുകാലികളുടെ പുതിയ ജനുസ്സുകളെ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

(ബി) വളരെ ഗുണമേന്മയേറിയ "വെച്ചൂർ" തുടങ്ങിയ നമ്മുടെ തനതായ ജനുസ്സുകളെ സംരക്ഷിച്ച് വംശ വർദ്ധന ഉറപ്പുവരുത്തി നമ്മുടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഇത്തരം ഗവേഷണ പദ്ധതികളിലാണ് സർവ്വകലാശാല ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്.

മൃഗചികിത്സാ രംഗത്തെ പ്രവർത്തനങ്ങൾ

100 (2549) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സാജു പോൾ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗചികിത്സ രംഗത്തെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കന്നുകാലികളുടെ ചികിത്സ ചെലവ്, ഉല്പാദന നഷ്ടം, മരണം, ഉടമസ്ഥന്റെ ചികിത്സാ ചെലവ് എന്നീ കാര്യങ്ങൾക്ക് സംരക്ഷണം നല്കുന്നതിന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മൃഗചികിത്സ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പും യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഒരു മാസ്റ്റർ പോളിസി ഉടമ്പടി ഉണ്ടാക്കി. 7-10-1998 മുതൽ നടപ്പാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതി താഴെപറയുന്ന ഘടകങ്ങൾക്ക് ഈ പദ്ധതി സംരക്ഷണം നല്കുന്നുണ്ട്.

1. കന്നുകാലി ഇൻഷ്വറൻസ്
2. കന്നുകാലി ഉടമയ്ക്കുള്ള അപകട മരണ ഇൻഷ്വറൻസ്
3. കർഷകനും ഭാര്യയ്ക്കും ആശുപത്രി ചികിത്സയ്ക്കുള്ള ധനസഹായം

മൃഗങ്ങൾക്ക് 'ഹെൽത്ത് കെയർ" സംരക്ഷണവും കൂടി ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പുതുക്കിയ കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയകാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(സി) 1. മൃഗചികിത്സ നിർണ്ണയത്തിനായി വിവിധ തലങ്ങളിൽ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നല്കുന്നുണ്ട്.

2. മൃഗസംരക്ഷണ രംഗത്തെ നൂതന സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായ, ലഘുരേഖകൾ, പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കി മൃഗാശുപത്രികൾ തോറും വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു.

3. വെറ്ററിനറി ഡോക്ടർമാർ, ലൈവ്സ്റ്റോക് ഇൻസ്പെക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തും പുറത്തുമുള്ള മികച്ച സ്ഥാപനങ്ങളിലേക്ക് റിഫ്രിയർ പരിശീലനങ്ങൾ നല്കി വരുന്നു.

4. വിവിധ രോഗങ്ങൾ തടയുന്നതിനാവശ്യമായ ഗുണമേന്മയുള്ള പ്രതിരോധ വാക്സിനുകൾ റീ ഏജന്റുകൾ നിർമ്മിച്ച് സൗജന്യമായി നല്കിവരുന്നതോടൊപ്പം മേഖലകളിൽ ഗവേഷണവും നടത്തിവരുന്നു. കൂടാതെ തദ്ദേശികമായി ആവശ്യമുള്ള അത്യാവശ്യമരുന്നുകൾ സൗജന്യമായി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. ചികിത്സ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ധനസഹായം നല്കിവരുന്നു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴിയും മൃഗചികിത്സ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ കേരളത്തെ കാലിരോഗ നിയന്ത്രണ മേഖലയാക്കുന്നതിന് 32.36 കോടി രൂപ ചെലവു വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

രോഗം ബാധിച്ച നാൽകാലികളെ കൊണ്ടുവരുന്നതിന് നിയന്ത്രണം

101 (2550) ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാടിന്റെ ചില ഭാഗങ്ങളിൽ നിന്നും രോഗം ബാധിച്ച നാൽക്കാലികളെ ഇറച്ചിയുടെ ആവശ്യത്തിനായി കേരളത്തിലേക്ക് കൊണ്ടു വരുന്നതിന് എന്തെങ്കിലും പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലേക്ക് രോഗവാഹികളായ മൃഗങ്ങളെ കൊണ്ടു വരുന്നത് നിയന്ത്രിക്കുന്നതിനായി അതിർത്തികളിൽ സംസ്ഥാന സർക്കാർ 16 ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകളിൽ മൃഗങ്ങളെ പരിശോധിക്കുക, ആരോഗ്യ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക, രോഗമുള്ളവയെ തിരിച്ചയയ്ക്കുക, പ്രതിരോധ കുത്തിവയ്പ് എടുക്കാത്തവയ്ക്ക് കുത്തിവയ്പ് നല്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു.

(ബി) ബാധകമല്ല.

കൊമേരി, അട്ടപ്പാടി ആടുവളർത്തൽ കേന്ദ്രം

102 (2551) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ പഞ്ചായത്ത് സംവിധാനത്തിന് ഏല്പിച്ച കൊമേരി, അട്ടപ്പാടി ആടുവളർത്തൽ കേന്ദ്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly